LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട 68 ഓളം ഭൂവുടമകളുടെ ഭൂമിയിൽ നിന്ന് സർക്കാരിൽ നിക്ഷിപ്തമായ വീട്ടി മരങ്ങൾ മുറിച്ചുകടത്തിയതായി വൈത്തിരി ഭൂരേഖാ തഹസീൽദാരുടെ പരാതിയിൽ ഭൂവുടമകളുടെ പേരിൽ 4-6-2021-ന് മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 u/s 379 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. വയനാട് ജില്ലാ കളക്ടറുടെ പരാതി മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരാതിയിൽ പറഞ്ഞ പ്രകാരം ആദിവാസികൾക്കെതിരെ ചൂഷണം നടന്നുവെന്ന് അന്വേഷണത്തിൽ വെളിവായാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള പോലീസ് നടപടികൾ സ്വീകരിക്കുന്നതാണ്. മരം മുറി കേസ്സുമായി ബന്ധപ്പെട്ട് ജോസ് കുട്ടി അഗസ്റ്റിൻ, റോഗി അഗസ്റ്റിൻ, അബ്ദുൽ നാസർ, അബൂബക്കർ, വിനീഷ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉദ്യോഗസ്ഥന്മാർ പ്രതികളെ സംരക്ഷിക്കുന്നതായ നിലപാട് കൈക്കൊള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരമൊരു നിലപാട് ഒരു കേസ്സുകളുടെ കാര്യത്തിലും സ്വീകരിക്കുന്നതല്ല.

(സി) ഈ സംഭവത്തിൽ വഞ്ചിതരായ ആദിവാസി സമൂഹത്തിന് നീതി ലഭ്യമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മേൽ സംഭവത്തിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്കെതിരെ എന്തെങ്കിലും തരത്തിലുള്ള ചൂഷണം നടന്നതായി അന്വേഷണത്തിൽ വെളിവായാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കായിക പരിശീലനത്തിന് പെർമിറ്റ്

83 (1445) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ എത്ര പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്?

2020-ലെ കേരള പോലീസ് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ 722 പെർമിറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ക്ലബ്ബുകൾ, ജിംനേഷ്യം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ?

SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങളിൽ ചട്ടം (7)-ൽ (5) പ്രകാരം ഫീസ് ഈടാക്കാൻ അനുമതിയുണ്ട്.

(സി) ഈ പെർമിറ്റ് അനുവദിക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങൾ പ്രകാരം രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് പെർമിറ്റ് നൽകാൻ പാടുള്ളതല്ല.

(ഡി) കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിനായി പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഘടനകൾ ഏതൊക്കെയാണ്; അവ ഒരോന്നിനും അനുവദിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങളുടെ എണ്ണമെത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിന് പെർമിറ്റിനായി സംഘടനകൾ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ വിവരം

84 (1446) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ 1571 വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മോഡലിലുള്ള ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണിവയെന്നും അവ ഓരോന്നിന്റെയും രജിസ്റ്റർ നമ്പർ എത്രയാണെന്നും ഇപ്പോൾ മാർക്കറ്റിൽ ഓരോ വാഹനത്തിനും ലഭിക്കാവുന്ന വില എത്രയാണെന്നും തുടങ്ങിയ വിവരങ്ങൾ പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;